പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4191 — 27.06.2012-ൽ മറുപടിയ്ക്ക്

## ബേക്കൽ പാർക്കിന് സമീപം പുതിയ പാർക്ക്

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ബേക്കൽ പാർക്കിന് സമീപം സുനാമി ഫണ്ട് ഉപയോഗിച്ച് പുതിയ പാർക്ക് നിർമ്മിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തു തുക ഇതേവരെ ചെലവായെന്ന് വ്യക്തമാക്കുമോ; പാർക്ക് നിർമ്മാണത്തിനായി അനുവദിച്ച തുക ഉപയോഗിച്ച് ഇത് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) 3,58,61,434/- രൂപ ഈ പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അനുവദിച്ചിരുന്ന തുക പരിപൂർണ്ണമായും ഉപയോഗിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തിയുടെ അവസാന ഘട്ടത്തിൽ 85% പ്രവർത്തികൾ പൂർത്തീകരിച്ചു കഴിയവേ, ബേക്കൽ പാർക്കിന്റെ നവീകരണ പ്രവൃത്തികൾ നടത്തിയ പ്രദേശം CRZ III[rd] -ൽ ഉൾപ്പെടുന്നതാണെന്നും നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കണമെന്നും ശാസ്ത്ര സാങ്കേതിക വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ 20.07.2010 മുതൽ നിർത്തിവയ്ക്കുകയുണ്ടായി. |
| (സി) പാർക്ക് പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കാത്തതു കാരണം ഇത് സാമൂഹ്യദ്രോഹികൾ കയ്യേറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |

(ഡി) എങ്കിൽ ആയത് നിർമ്മാണം പൂർത്തിയാക്കി എന്ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും എന്ന് അറിയിക്കുമോ ?

(ഡി) സാമൂഹ്യ ദ്രോഹികൾ വരുത്തിയ കേടുപാടുകൾ പരിഹരിച്ച് കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് വേണ്ടി ഏകദേശം 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. CRZ ക്ലിയറൻസിനായി അപേക്ഷ നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഫണ്ടും, CRZ ക്ലിയറൻസും ലഭ്യമാകുന്ന മുറയ്ക്ക് ശേഷിച്ച നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടത്തി പാർക്ക് പൊതുജനങ്ങൾക്കായി തുറന്ന് നൽകുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ